(ബി) അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റമടക്കം വിവിധ കാരണങ്ങളാൽ ഇത്തരം സ്ഥാപനങ്ങൾ വൻ പ്രതിസന്ധി നേരിടുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനും സുഗമമായി നടത്തിക്കുന്നതിനും ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവും ഉയർന്ന തോതിൽ ഉപഭോഗമുള്ള വൈദ്യുതിയുടെ നിരക്കുകളും കാരണം ഇരുമ്പുരുക്ക് വ്യവസായങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രധാന അസംസ്കൃത വസ്തുക്കളായ സ്റ്റീൽ സ്ക്രാപ്പ് തദ്ദേശീയമായോ ഇറക്കുമതിയിലൂടെയോ ശേഖരിക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി അഭിപ്രായ രൂപീകരണം ഉണ്ടാക്കുവാൻ ചർച്ചകൾ നടന്നുവരുന്നു.

ധാതു മണൽ സമ്പത്ത്

27 (*657) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ധാതുമണൽ സമ്പത്തിന്റെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ വൻപുരോഗതിയിലേക്ക് നയിക്കാൻ പര്യാപ്തമായ ധാതു സമ്പത്ത് പ്രയോജനപ്പെടുത്താൻ സാധിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് പരാതികളും ഉയരാത്ത തരത്തിൽ സംസ്ഥാനത്തിന്റെ ധാതുസമ്പത്ത് പ്രയോജനപ്പെടുത്തുന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. കേന്ദ്ര ആണവോർജ്ജ വകുപ്പിന് കീഴിലുള്ള അറ്റോമിക് മിനറൽ ഡിവിഷൻ പഠനം നടത്തിയിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസിനും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്തിനുമാണ് ധാതുമണൽ സമ്പത്ത് ശേഖരിക്കുന്നതിനുള്ള അനുമതിയുള്ളത്. ഖനനം ചെയ്തെടുക്കുന്ന മണലിനെ സംസ്കരിച്ച് സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സും മറ്റ് സ്വകാര്യ സ്ഥാപനങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നു. ഖനന സ്ഥലങ്ങളിലെ പൊതുജന പ്രതിഷേധങ്ങളും എതിർപ്പുകളും കാരണം ആവശ്യമായ അളവിൽ ധാതുമണൽ ഖനനം ചെയ്യാൻ കേരള മിനറൽസ് ആന്റ് മെറ്റൽസിനും ഇൻഡ്യൻ റെയർ എർത്തിനും സാധിക്കുന്നില്ല. തൻമൂലം ഈ സ്ഥാപനങ്ങളിലുള്ള മണൽ സംസ്കരണ പ്ലാന്റുകൾക്ക് അവയുടെ സ്ഥാപിതശേഷിക്ക് അനുസൃതമായി ഉത്പാദനം നടത്തുവാൻ സാധിക്കുന്നില്ല. ഇതുകാരണം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ആവശ്യത്തിന് ധാതുമണൽ ലഭിക്കാതെ വരികയും ഉത്പാദനത്തെ ബാധിക്കുകയും ചെയ്യുന്നു.

(സി) ജസ്റ്റിസ് കെ. ജോൺ മാത്യു ചെയർമാനായ നാലംഗ കമ്മിറ്റി, ശ്രീ. ടി. എം. മഹാദേവൻ ചെയർമാനായ മൂന്നംഗ കമ്മിറ്റി, പ്രൊഫ. ത്രിവിക്രമജി. കെ.പി. ചെയർമാനായ കമ്മിറ്റി എന്നിവർ കേരളത്തിലെ കടൽത്തീരങ്ങളിലെ ധാതുമണൽ ഖനനം ചെയ്യുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

ശ്രീ. മഹാദേവൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ പ്രസക്ത ഭാഗങ്ങൾ താഴെക്കൊടുക്കുന്നു :

1. കടൽത്തീരങ്ങളിൽ കാലവർഷത്തെത്തുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരിതലത്തിൽനിന്നും അരമീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. കായംകുളം ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുള്ള 400 മീറ്ററോ അതിൽക്കൂടുതലോ ഉള്ള ബാരിയർ ബീച്ചിൽ നിന്നും മാത്രമേ ധാതുമണൽ ശേഖരണം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ് കോൺസൺട്രേറ്റിംഗ് മെഷിനറി ഉപയോഗിക്കാമെന്നാണ് ശുപാർശ.

3. കായംകുളം പൊഴി, ലെഗൂൺ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ. ഇത്തരം ഖനനം പരിസ്ഥിതിയെ ബാധിക്കുന്നില്ല.

പ്രൊഫ. കെ. വി. ത്രിവിക്രമജി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ പ്രസക്ത ഭാഗങ്ങൾ താഴെക്കൊടുക്കുന്നു :

1. ഖനനം മേഖലയിലെ പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.

2. വ്യക്തമായ മുൻകൂട്ടി നിശ്ചയിച്ച പദ്ധതികളിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള ഖനനപ്രക്രിയകളിൽ ഏർപ്പെടാവൂ.

ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ പ്രസക്ത ഭാഗങ്ങൾ :

1. ആറാട്ടുപുഴ - തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തു നിന്നും സ്റ്റാപ്പിംഗ് രീതി അനുവർത്തിച്ച് 30 സെ.മീ. ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറു സെക്ടറുകളായി തിരിച്ച് ഡ്രഡ്ജ് മൈനിംഗ് നടത്താവുന്നതാണ്.

2. കായലിൽ നിന്നും മണൽ നീക്കം ചെയ്യുന്നപക്ഷം യന്ത്രസാമഗ്രികൾ ഉപയോഗിക്കാതെ കട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യാവുന്നതാണ്.

ഇതിനുപുറമെ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് - ഉം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജിയും ധാതുമണൽ ഖനനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly